# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 95**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല ഇടവകകളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ പ്രിയരേ,

2022 സെപ്റ്റംബർ മാസം 13, 14, 15 തീയതികളിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലം പുതുതായി മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിനെയും, മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിനെയും ഔദ്യോഗിക സ്ഥാപനകളായി അംഗീകരിക്കുകയും 13.04.2023-ൽ കൂടിയ എപ്പിസ്കോപ്പൽ സിനഡ് ഇവ രണ്ടിന്റെയും ഭരണഘടന അംഗീകരിച്ച് നൽകുകയും ചെയ്തു. ആയത് 90, 91 നമ്പർ കല്പനകളിലൂടെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി രൂപം കൊണ്ട ഈ രണ്ടു സ്ഥാപനകളുടെയും സുഗമമായ നടത്തിപ്പിനും കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ട നേതൃത്വം നൽകുന്നതിനായി താഴെ പറയുന്ന ക്രമീകരണം ചെയ്തിരിക്കുന്നു.

മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രസിഡന്റ് ചുമതല മെത്രാപ്പോലീത്തായും മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രസിഡന്റായി റൈറ്റ്. റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പായും ഇപ്പോൾ ചുമതല നിർവ്വഹിക്കുന്നതാണ്.

രണ്ടു സ്ഥാപനകളും ശാഖ, സെന്റർ, ഭദ്രാസന, കേന്ദ്രതലങ്ങളിൽ സജീവമായി പ്രവർത്തിക്കുകയും തെരഞ്ഞെടുപ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കാലഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും മനസ്സിലാക്കി കർത്താവിന്റെ തിരുശരീരമായ തിരുസഭയുടെ വിശ്വസ്ത സേവകരായി പ്രവർത്തിക്കുന്നതിന് ദൈവം നമ്മെ എല്ലാവരെയും ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ജൂൺ 10-ാം തീയതി

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 95**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The Prathinidhi Mandalam of the Malankara Mar Thoma Syrian Church that met on 13, 14, and 15 September 2022 recognized the Malankara Mar Thoma Sabha Development Department and Mar Thoma Senior Citizens' Fellowship as new official organizations of the Church. The Episcopal Synod that met on 13 April 2023 has given approval to the Constitutions of both these organizations. These decisions have been informed through Circulars No. 90 and 91. The following arrangements regarding their administration have been made for the smooth and effective functioning of these newly formed organizations.

The Metropolitan will be the President of the Mar Thoma Senior Citizens' Fellowship and Rt. Rev. Thomas Mar Timotheos Episcopa will be the President of the Malankara Mar Thoma Sabha Development Department.

We exhort that both these organizations are to actively work at the levels of the Sakha (Parish), Centre, Diocese, and Kendram levels, and the elections of these organizations must be completed in a time-bound manner.

May God strengthen us to work as faithful servants of the Church, which is the body of Christ, understanding the needs and challenges of our time.

Grace be with you all.

Dated 10 June 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**